നം.കെ.എസ്.എ.പി.റ്റി.എ./പി6- 667/17 തീയതി: 17.06.2017

# പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

**പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 1-11-2016മുതൽ 23-05-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.**

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | **ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ** |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.05.2017 മുതൽ 31.05.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.എൻ.പ്രദീപ്കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. മഹേഷ്കുമാർ.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഹരികുമാർ.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. ശശികല രാജശേഖരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| **സെക്രട്ടറി** | ശ്രീ. എ. രാധാകൃഷ്ണ പിള്ള | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീമതി.ലീലാമ്മ.ടി.ആർ അസി.സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) | 01.06.2016 മുതൽ 21.12.2016 വരെ |
| | ശ്രീ.ആർ.രവീന്ദ്രൻ പിള്ള | 22.12.2016 മുതൽ 31.03.2017 വരെ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

## ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം-2 | |
| 11 | ഉപയോഗക്രമം വ്യത്യസ്തമല്ലാത്ത കെട്ടിടങ്ങളെ ഒന്നായി കണക്കാക്കി നികുതി | 2-1 |

| | | |
|---|---|---|
| | നിർണ്ണയം നടത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം | |
| 12 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-2 |
| 13 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല | 2-3 |
| | ഭാഗം 3 | |
| 14 | റാന്നി ഗ്രാമപഞ്ചായത്ത് 3.64 കോടി രൂപയുടെ കടക്കെണിയിൽ | 3-1 |
| 15 | ഗവൺമെന്റ് സ്കൂളുകൾക്ക് ഗുണനിലവാരമില്ലാത്ത ബഞ്ച്,ഡസ്ക് എന്നിവ നൽകി | 3-2 |
| 16 | ടെണ്ടറിൽ ക്വോട്ട് ചെയ്ത റൂഫിംഗും ഫെൻസിംഗും സ്ഥാപിക്കാതെ സ്കൂളുകളിൽ കളിയുപകരണങ്ങൾ സ്ഥാപിച്ചു. | 3-3 |
| 17 | SC വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പായി നൽകിയ ₹50000 രൂപ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റു ചെയ്തിട്ടില്ല. | 3-4 |
| 18 | HADA പദ്ധതിയിൽ നിർമ്മിച്ച പച്ചക്കറി വിപണനകേന്ദ്രം<br>ഉപയോഗിക്കുന്നില്ല | 3-5 |
| 19 | പഞ്ചായത്തോഫീസിന്റെ റീവയറിംഗിനായുള്ള പദ്ധതി പൂർത്തിയായില്ല – വൈദ്യുതി ചാർജിനത്തിൽ അമിതവ്യയം തുടരുന്നു | 3-6 |
| 20 | കൃഷിക്കായുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് സബ്സിഡി ട്രാൻസ്ഫർ ചെയ്തതായി ട്രഷറിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങുന്നില്ല | 3-7 |
| 21 | തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും തെരുവു വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിച്ചില്ല – പ്രവർത്തിക്കാത്ത ടാപ്പുകൾക്കും കുടിവെള്ളക്കരം ഒടുക്കുന്നു | 3-8 |
| 22 | ടെണ്ടറുകൾ അംഗീകരിച്ച ശേഷം നിയമപരമായ സമയത്തിനുള്ളിൽ കരാർ വച്ചിട്ടില്ല. | 3-9 |
| 23 | എല്ലാ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കും ഒരേ ഗുണനിലവാരം ഉറപ്പാക്കാനാവുന്നില്ല | 3-10 |
| 24 | കരാറുകർ നികുതി കോമ്പൗണ്ട് ചെയ്തതിന്റെ Form IE സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ഫൈനൽ ബിൽ തുക നൽകി | 3-11 |
| 25 | നിർമ്മാണ പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിച്ചു | 3-12 |
| 26 | ടെണ്ടറുകൾ അംഗീകരിച്ച ശേഷം നിർമ്മാണ | 3-13 |

| | | |
|---|---|---|
| | പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസമെടുക്കുന്നു. | |
| | ഭാഗം-4 | |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 31 | ഓഡിറ്റ് റിക്കവറി | 4-5 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി, തീരുമാന നം. | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| 2016-17 | 01.03.2016, I | ബഡ്ജറ്റ് റിവൈസ് ചെയ്തിട്ടില്ല |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 9555492 | 8815054 | (-)740438 |
| വരവ് | 43208850 | 34250828 | (-)13958022 |
| ആകെ | 57764342 | 43065882 | (-)14698460 |
| ചെലവ് | 44239850 | 31631459 | (-) 12608391 |
| നീക്കിയിരിപ്പ് | 13524492 | 11434423 | (-)2090069 |

2016-17 വർഷത്തെ ബജറ്റ് 29-02-2016 ലെ ധനകാര്യകമ്മിറ്റി കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 01-03-2016 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. യഥാർത്ഥ വരവ് ബജറ്റിലെ പ്രതീക്ഷിത വരവിൽ നിന്നും 79% കുറവാണ്. ബജറ്റ് പ്രതീക്ഷിത ചെലവും യഥാർത്ഥ ചെലവും തമ്മിലും ഈ വ്യത്യാസം പ്രകടമാണ്. യഥാർത്ഥ ചെലവ്

ബജറ്റ് പ്രതീക്ഷിത ചെലവിനേക്കാൾ 85% കുറവാണ്. പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 23.05.2017 |

വാർഷിക ധനകാര്യ പത്രിക കൃത്യസമയത്ത് ലഭ്യമാക്കിയിട്ടുണ്ട്

# 1-3 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. KURDFC വായ്പ ഇനത്തിൽ തിരിച്ചടയ്ക്കുവാനുള്ള 36416567 രൂപ RP-47 (ലോൺസ് & അഡ്വാൻസസ്) നിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 8815054.21 |
| വരവ് | 34160873 |
| ആകെ | 42975927.21 |
| ചെലവ് | 31541504 |
| നീക്കിയിരിപ്പ് | 11434423.21 |

# 1-5 വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 6634705 | 6634705 | 5926102 | 708603 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2479695 | 2479695 | 1659429 | 820266 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 188253 | 188253 | 188253 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3721604 | 3721604 | 2801909 | 919695 |
| ലോക ബാങ്ക് സഹായം | 0 | 990094 | 990094 | 0 | 990094 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 4166892 | 4166892 | 3167606 | 999286 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | | 2554755 | 2554755 | 830090 | 1724665 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 105 | 26374825 | 71 | 15002347 | 0 | 34 |

**<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>**

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 10 | 2400012 | 9 | 1339473 | 56 |
| സേവനം | 43 | 13298939 | 35 | 8161995 | 61 |
| പശ്ചാത്തലം | 52 | 10675874 | 27 | 5500879 | 52 |
| ആകെ | 105 | 26374825 | 71 | 15002347 | 57 |

**<u>നിർബന്ധിത വകയിരുത്തലുകളും ചെലവും</u>**

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 4 | 930350 | 319250 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ | 5 | 323253 | 223253 |
| പാലിയേറ്റിവ് കെയർ | 1 | 584400 | 584100 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 1 | 1071000 | 224424 |
| യുവജന വികസന പദ്ധതി | 2 | 275000 | 275000 |

**<u>പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ</u>**

ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെ വളരെ ഗുരുതരമായി ബാധിക്കുന്നു. 105 പദ്ധതികൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും 71 എണ്ണം മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചത്. ഉൽപ്പാദന, സേവന മേഖലകളിൽ പദ്ധതി നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞെങ്കിലും പശ്ചാത്തല മേഖലയിൽ പദ്ധതി പൂർത്തീകരണം വേണ്ടത്ര പുരോഗതി കൈവരിച്ചില്ല. പൊതുമരാമത്ത് പ്രവൃത്തികൾക്കായി 52 പ്രോജക്ടുകൾ ആവിഷ്ക്കരിച്ചുവെങ്കിലും നിർവ്വഹണം

പൂർത്തീകരിച്ചത് 27 എണ്ണം മാത്രമാണ്. മേൽ അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4170389 | 5563854 | (+)1393465 |
| നികുതിയേതര വരവുകൾ | 461388 | 642484 | (+)181076 |
| ആകെ | 4631777 | 6206338 | (+)1574541 |

തനത് വരവിൽ മുൻവർഷത്തേ അപേക്ഷിച്ച് പുരോഗതിയുണ്ടായിട്ടുണ്ട്. പ്രധാന വരവിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീ എന്നിവ പിരിച്ചെടുക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 30 | 255110 |
| വിധവാ പെൻഷൻ | 454 | 3968580 |
| വാർദ്ധക്യകാല പെൻഷൻ | 784 | 8734845 |
| വികലാംഗ പെൻഷൻ | 145 | 1204480 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 12 | 97860 |
| തൊഴിൽ രഹിത വേതനം | 19 | 33000 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-05-2017-ൽ 2.30 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 4515 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.04.2017 – 19.04.2017 | 03/2017 | ലഭിച്ചിട്ടില്ല |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2014-05.05.2014 | 2009-10മുതൽ 2013-14 വരെ | 16.07.2014 |

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഉപയോഗക്രമം വ്യത്യസ്തമല്ലാത്ത കെട്ടിടങ്ങളെ ഒന്നായി കണക്കാക്കി നികുതി നിർണ്ണയം നടത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്ന് കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തൃതി | നിർണ്ണയിച്ച നികുതി, അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ(ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| 1 | 13/ 130 B | 55.91 | 3355+ 168 LC (Rs.50/Sq.M) | 4026 + 201 LC | 671 + 33 |
| | 13/ 130 C | 36.5 | 2190 + 110 LC (Rs.50/Sq.M) | 2628 + 131 LC | 438 + 21 |
| | 13/ 130 D | 59.29 | 3557 + 178 LC (Rs.50/Sq.M) | 4269 + 231 LC | 712 + 53 |
| 2 | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | 13/ 326 A | 10.9 | 523 + 26 LC (Rs.40/ Sq.M) | 785 + 39 LC | 262 + 13 |
| | 13 / 326 B | 12.35 | 618 + 31 LC (Rs.50/ Sq.M) | 741 + 37 LC | 123 + 6 |
| | 13/ 326 C | 13.64 | 682 + 34 LC (Rs.50/ Sq.M) | 818 + 41 LC | 136 + 7 |
| | 13/ 326 D | 12.15 | 583 + 29 LC (Rs.40/ Sq.M) | 875 + 44 LC | 292 + 15 |
| | 13/ 326 E | 12.15 | 583 + 29 LC (Rs.40/ Sq.M) | 875 + 44 LC | 292+ 15 |
| | 13/ 326 F | 17.25 | 828 + 41 LC (Rs.40/ Sq.M) | 1242 + 62 LC | 414 + 22 |
| | 13/ 326 G | 13.18 | 633 + 32 LC (Rs.40/ Sq.M) | 949 + 47 LC | 316 + 15 |
| | 13/ 326 H | 13.17 | 632 + 32 LC (Rs.40/ Sq.M) | 948 + 47 LC | 316 + 15 |
| | 13/ 326 I | 13.17 | 632 + 32 LC (Rs.40/ Sq.M) | 948 + 47 LC | 316 + 15 |
| | 13/ 326 J | 13.17 | 632 + 32 LC (Rs.40/ Sq.M) | 948 + 47 LC | 316 + 15 |
| | 13/ 326 K | 13.17 | 632 + 32 LC (Rs.40/ Sq.M) | 948 + 47 LC | 316 + 15 |
| | 13/ 326 L | 13.17 | 632 + 32 LC (Rs.40/ Sq.M) | 948 + 47 LC | 316 + 15 |
| | 13/ 326 M | 13.17 | 632 + 32 LC (Rs.40/ Sq.M) | 948 + 47 LC | 316 + 15 |
| | 13/ 326 O | 17.4 | 835 + 42 (Rs.40/ Sq.M) | 1253 + 63 | 418 + 23 |
| | 13/ 326 P | 17.4 | 835 + 42 (Rs.40/ Sq.M) | 1253 + 63 | 418 + 23 |
| | 13/ 326 Q | 17.4 | 835 + 42 (Rs.40/ Sq.M) | 1253 + 63 | 418 + 23 |

ഇപ്രകാരം കെട്ടിടങ്ങളെ ഉപവിഭാഗങ്ങളായി തരംതിരിച്ച് നികുതി നിർണ്ണയം നടത്തിയതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

**a) തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല**

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ/ജീവനക്കാരിൽ നിന്നും 2016-17 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽനിന്നും ടി കാലയളവിലെ തൊഴിൽനികുതി അടിയന്തിരമായി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. അസ്സിസ്റ്റന്റ് എൻജിനീയർ, പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് ഡിവിഷൻ
2. ടാഗ് കെമിക്കൽസ്, റാന്നി

**b) അർഹമായ തൊഴിൽ നികുതി ഈടാക്കുന്നില്ല.**

2016-17 ഓഡിറ്റ് വർഷം സി.ബി.എസ്.ഇ. അഫിലിയേഷനോടു കൂടി ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയീടാക്കിയത് വളരെ കുറവാണ്. 1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷൻ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ്. [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക]. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന കോർണർ സ്റ്റോൺ, മോർ-ക്ലിമ്മിസ് എന്നീ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും സ്കൂളിലെ ജീവനക്കാർക്ക് നൽകിയിട്ടുള്ളത്.

ടി സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷം നൽകിയ തൊഴിൽ നികുതി റിട്ടേണിൽ നിന്നും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | അർദ്ധ വാർഷിക വരുമാനം | ഓരോ അർദ്ധ വർഷവും ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|---|---|
| മോർ-ക്ലിമ്മിസ് സി.ബി.എസ്.ഇ സ്കൂൾ | സിമിലി ജോസഫ് | പ്രിൻസിപ്പൽ | 16500 (I & II ) | 120 |
| | ബേയ ജോ | ടീച്ചർ | 15000 (I & II ) | 120 |
| | ലിറ്റി കുര്യൻ | “ | 15000 (I & II ) | 120 |
| | വിദ്യ കൃഷ്ണൻ | “ | 15000 (I & II ) | 120 |
| | റെജി മോൾ.കെ.കെ | “ | 15000 (I & II ) | 120 |
| കോർ സ്റ്റോൺ ഇന്റർനാഷണൽ സ്കൂൾ, റാന്നി | സൂസമ്മ സാമുവെൽ | ടീച്ചർ | 35100 (I & II ) | 300 |
| | അന്ന ചെറിയാൻ | “ | 32400(I & II ) | 300 |
| | ഷൈനി പ്രസാദ് | “ | 52650(I & II ) | 450 |

മേൽ സൂചിപ്പിച്ച സി.ബി.എസ്.ഇ. സ്കൂളുകൾ നൽകിയ റിട്ടേണുകളുടെ കൃത്യത പരിശോധിക്കേണ്ടതും, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

# 2-3 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56 ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത്

ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ 2011-12 മുതൽ 2012-13 വരെയുള്ള 5 ഡിപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടാനവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഡെപ്പോസിറ്റ് ചെയ്ത ആളിന്റെ പേരുവിവരം | ഇനം | തുക | രസീത് നം. |
|---|---|---|---|---|
| 26.12.11 | മാനേജർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സ്കൂൾ | സപ്ലൈയേഴ്സ് ഇ.എം.ഡി | 2000 | 5185/37 |
| 26.12.11 | മാനേജർ, വുമൺ വൊക്കേഷണൽ ട്രെയിനിംഗ് സ്കൂൾ | -ടി- | 2000 | 5185/38 |
| 26.12.11 | വിജയമ്മ, വൊക്കേഷണൽ ട്രെയിനിംഗ് സ്കൂൾ, പഴവങ്ങാടി | -ടി- | 2000 | 5185/39 |
| 02.01.12 | കെ.ബി.വിജയമ്മ, എസ്.ഡി.ഫാഷൻ ഡിസൈനിംഗ് | -ടി- | 10600 | 5185/93 |
| 13.03.13 | ഉമ്മൻ ജോർജ്, ഇമ്മാനുവെൽ ഡ്രൈവിംഗ് സ്കൂൾ | | 5000 | 5200/85 |

കാലഹരണപ്പെട്ടുപോയ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 റാന്നി ഗ്രാമപഞ്ചായത്ത് 3.64 കോടി രൂപയുടെ കടക്കെണിയിൽ

ആദായകരമായ വികസനപദ്ധതി എന്ന സ്കീമിൽ ഉൾപ്പെടുത്തി 25.07.1989ൽ സംസ്ഥാന ഗ്രാമ വികസന ബോർഡുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ട് ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ₹2252135 രൂപ വായ്പ എടുത്തിരുന്നു.24 തുല്യ തവണകളായി 16% പലിശ സഹിതം 31.03.2007 വരെയുള്ള കാലയളവിൽ ഈ തുക തിരിച്ചടയ്ക്കേണ്ടതായിരുന്നു. എന്നാൽ KURDFC യുടെ 24.12.2016 ലെ A2/271/2012 കത്തു പ്രകാരം കുടിശ്ശിക 3.64 കോടി രൂപ (₹36416567) അടവാക്കാത്തപക്ഷം ഗ്രാമപഞ്ചായത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചതായാണ് നിലവിലെ അവസ്ഥ.

2003-04 ന ശേഷം യാതൊരു തുകയും അടവാക്കാത്തതു മൂലമാണ് പഞ്ചായത്ത് ഇത്തരമൊരു ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് എത്തിച്ചേർന്നത്. നാളിതു വരെ അടവാക്കിയ വായ്പ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഇനം | ഗ്രാമപഞ്ചായത്ത് അടവാക്കിയ തുക |
|---|---|---|
| 27.10.1995 | മുതൽ | 93838 |
| 26.03.1996 | മുതലും പലിശയും | 207232 |
| 14.10.1996 | പലിശ (30.09.1996 വരെയുള്ളത്) | 359635 |
| 10.09.1997 | 3-ാം ഗഡു പലിശ | 437292 |

| | | |
|---|---|---|
| 31.03.1998 | മുതൽ | 300000 |
| 30.09.1998 | മുതലും പലിശയും | 274905 |
| 31.03.1999 | പലിശ | 266552 |
| 12.10.1999 | പലിശ | 300000 |
| 05.08.2003 | | |
| 11.08.2003 | പലിശ | 900000 |
| 19.03.2004 | | |
| ആകെ | | 3139454 |

07.04.2016 ലെ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെ 12ാം അജണ്ട പ്രകാരം KURDFC യിൽ നിന്നെടുത്ത വായ്പ പലിശ ഉൾപ്പെടെ ₹33333242 രൂപ (3.30 കോടി) കുടിശ്ശികയാകുകയും റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. അന്നേ ദിവസത്തെ 12ാം തീരുമാനപ്രകാരം പലിശയും പിഴപ്പലിശയും ഒഴിവാക്കാൻ സർക്കാറിനോട് അപേക്ഷിക്കാനും തീരുമാനിച്ചിരുന്നു. ഇതേ തുടർന്ന് ബഹു.റാന്നി M.L.A ,തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയ്ക്ക് 17.09.2016 ൽ പലിശയും പിഴപ്പലിശയും ഒഴിവാക്കിത്തരണമെന്നഭ്യർത്ഥിച്ചുകൊണ്ട് കത്തു നൽകി.തുടർന്ന് പഞ്ചായത്ത് ഡയറക്ടർ 14.10.2016 ലെ G1-31573/16 കത്തു മുഖേന വായ്പ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നു. അവ നൽകിയോ എന്നതു സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിലില്ല. പിന്നീട് യാതൊരു നടപടിയും പഞ്ചായത്ത് ഭരണസമിതിയുടേയോ ഉദ്യോഗസ്ഥരുടേയോ ഭാഗത്തു നിന്നുണ്ടായിട്ടില്ല. ഓരോ വർഷം കഴിയുന്തോറും കുടിശ്ശിക തുക പതിൻമടങ്ങു വർദ്ധിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥവൃന്ദവും തുല്യ ഉത്തരവാദികളാണ്.

ഷോപ്പിംഗ് കോംപ്ളക്സിലെ തറനിരപ്പിലെ കടകൾ തുച്ഛമായ നിരക്കിലാണ് വാടകയ്ക്കു നൽകിയിട്ടുള്ളത്. പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ സാമീപ്യവും വാണിജ്യ പ്രാധാന്യമുള്ളതുമായ ഈ കടകൾക്ക് അർഹമായ വാടക നിർണ്ണയിക്കേണ്ടത് ഭരണസമിതിയുടെ കർത്തവ്യമാണ്. നിലവിൽ വാടകയായി ലഭിക്കുന്ന തുക പോലും വായ്പ കുടിശ്ശിക അടവാക്കാൻ ഉപയോഗിക്കുന്നില്ലയെന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി കാണുന്നു. ആദ്യ നിലയിലെ എല്ലാ മുറികളും ഗ്രാമ പഞ്ചായത്തിന്റേതല്ലാത്ത ഗവ: I.T.I യ്ക്കു സൗജന്യമായി നൽകിയതു പുനപരിശോധിക്കേണ്ടതാണ്. വ്യവസായ വകുപ്പിൽ നിന്നും അർഹമായ വാടക നേടിയെടുക്കാൻ പഞ്ചായത്തു ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വായ്പ കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 2004 നു ശേഷം ഒരു രൂപ പോലും കുടിശ്ശിക ഇനത്തിൽ അടവാക്കിയിട്ടില്ലായെന്നത് ഗുരുതരമായ വീഴ്ചയാണ്. വീഴ്ച വരുത്തിയവർക്കെതിരെ സർക്കാർ തലത്തിൽ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-2 ഗവൺമെന്റ് സ്കൂളുകൾക്ക് ഗുണനിലവാരമില്ലാത്ത ബഞ്ച്,ഡസ്ക് എന്നിവ നൽകി.

| | |
|---|---|
| പ്രൊജക്ട് നം: | 37/2016-17, സ്കൂളുകൾക്ക് ബഞ്ചും, ഡസ്കും വാങ്ങൽ |
| അടങ്കൽ | 300000,MG(N-R) |
| ചെലവ് തുക | 150000,(ബിൽ നം:6/16-17;31.03.2017) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, GUPS,പുതുശ്ശേരിമല. |

സ്കൂളുകൾക്ക് ബഞ്ചും,ഡസ്കും വാങ്ങൽ എന്ന പദ്ധതിയിൽ 3 ലക്ഷം വകയിരുത്തുകയും 1.5 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ബഞ്ചും,ഡസ്കും വാങ്ങുന്നതിനായി 03.12.2016 ൽ ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടറിൽ പറഞ്ഞ Specifications ൽ ബെഞ്ചും ഡസ്കും ആഞ്ഞിലി തടിയിൽ നിർമ്മിച്ചതും തടി മിനുക്കി പോളിഷ് ചെയ്യേണ്ടതുമാണെന്ന് നിഷ്കർച്ചിരുന്നു. 7 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിരുന്നു. ഇതിൽ ഭൂരിഭാഗവും MSME യൂണിറ്റായി (Micro, Small and

Medium Enterprises) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളായിരുന്നു. 1. പയ്യാപ്പള്ളിൽ വുഡ്സ്, കാലടി, 2 പ്രാർത്ഥന ട്രേഡേഴ്സ്, കൂടൽ, 3. തമ്പുരാൻകാലായിൽ,നാരങ്ങാനം 4. മേലങ്ങാടി ടിമ്പേഴ്സ്, കവനൂർ, 5 കിക്കോ ബിസിനസ് കോർപ്പറേഷൻ, അടൂർ തുടങ്ങിയ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു.

എന്നാൽ വടശ്ശേരിക്കര, തലച്ചിറ, ഉപ്പുകണ്ടത്തിൽ ശ്രീ.ജോസഫ് O.S എന്ന വ്യക്തി സമർപ്പിച്ച കുറഞ്ഞ നിരക്കുള്ള ടെണ്ടറാണ് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത്. ഒരു ഡസ്കിനു ₹1970, സ്റ്റൂളിന് ₹670, പ്ലാസ്റ്റിക് ചെയറിനു ₹475 എന്നീ നിരക്കുകളാണ് അംഗീകരിച്ചത്. ഇതു പ്രകാരം ടിയാൻ 40 ഡസ്കുകളും 80 സ്റ്റൂളുകളും 35 പ്ലാസ്റ്റിക് കസേരകളും ഗ്രാമപഞ്ചായത്തിനു നൽകി. ഇവ വൈക്കം ഗവ: UP സ്കൂളിലെ ഒരു മുറിയിൽ കൂട്ടിയിട്ടിരിക്കുകയാണ്. പർച്ചേസ് ഓർഡർ നൽകിയതിന്റെ പകുതി എണ്ണം മാത്രമാണ് ഇദ്ദേഹം സപ്ലൈ ചെയ്തത്. സ്വന്തമായി സ്ഥാപനമോ VAT രജിസ്ട്രേഷനോ ഇല്ലാത്ത വ്യക്തിയ്ക്കാണ് ഇത്രയും വലിയ പർച്ചേസ് ഓർഡർ നൽകിയത് .

വൈക്കം U.P സ്കൂളിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ശ്രീ.ജോസഫ് O.S നൽകിയ ഫർണിച്ചറുകൾക്ക് യാതൊരു ഗുണനിലവാരവുമില്ലായെന്ന് ബോദ്ധ്യപ്പെട്ടു. ഡസ്കുകളുടെ പല ഭാഗങ്ങളും പൊട്ടിപ്പോയിട്ടുണ്ട്. പല ഭാഗവും പാഴ് തടി കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. ആഞ്ഞിലിത്തടികൊണ്ടല്ല ഫർണിച്ചറുകളുടെ ഭൂരിഭാഗം ഭാഗങ്ങളും നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ടെണ്ടറിൽ പറഞ്ഞതു പ്രകാരം തടി മിനുക്കി പോളിഷ് ചെയ്തിട്ടുമില്ല. അപാകതകൾ സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.



സ്കൂളുകൾക്ക് ബഞ്ചും, ഡസ്കും നൽകിയ വ്യക്തി ബിൽ നൽകിയിട്ടില്ല. പിന്നെ എപ്രകാരമാണ് VAT ആയി ₹21750 രൂപ നിർണ്ണയിച്ചതും ട്രഷറിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് അടവാക്കിയതെന്നും (S.3918/31.03.2017) വ്യക്തമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/2017 തീയതി 30.05.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഓഡിറ്റ് ഉന്നയിച്ച എല്ലാ വിഷയങ്ങളും അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. നൽകിയിട്ടില്ല. ഇക്കാരണത്താൽ ചെലവു തുക 1.5 ലക്ഷം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫർണ്ണിച്ചറുകളുടെ ഗുണനിലവാരം ഉറപ്പാക്കി, ആയത് തദ്ദേശ ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

# 3-3 ടെണ്ടറിൽ കോട്ട് ചെയ്ത റൂഫിഗും ഫെൻസിഗും സ്ഥാപിക്കാതെ സ്കൂളുകളിൽ കളിയുപകരണങ്ങൾ സ്ഥാപിച്ചു.

| | |
|---|---|
| പ്രൊജക്ട് നം: | 39/2016-17, സ്കൂളുകൾക്ക് പെഡഗോഗി പാർക്ക് |
| അടങ്കൽ | 200000,MG(N-R) |
| ചെലവ് തുക | 200000,(ബിൽ നം:4/16-17;31.03.2017) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, GUPS,പുതുശ്ശേരിമല. |

സ്കൂളുകൾക്ക് പെഡഗോഗി പാർക്ക് സ്ഥാപിക്കുന്നതിനായി 03.12.2016 ൽ ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടറിൽ പറഞ്ഞ Specifications ൽ എല്ലാ കളിയുപകരണങ്ങൾക്കും Roofing നിഷ്കർഷിച്ചിരുന്നു. ഇതു പ്രകാരം ഇതേ Specifications ൽ നിരക്കുകൾ ക്വോട്ട് ചെയ്ത Carmel Fibrotech,പാക്കിൽ P.O,പള്ളം,കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഗ്രാമപഞ്ചായത്തു കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു (13.01.2017 ലെ 3 ാം നമ്പർ തീരുമാനം). സ്ഥാപനം നൽകിയ ബിൽ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക | 5% നികുതി | ആകെ തുക |
|---|---|---|---|---|---|---|
| 1 | Merry Go round 6 seater | 19000 | 3 | 57000 | 2850 | 59850 |
| 2 | 8 ft Slider | 18900 | 3 | 56700 | 2835 | 59535 |
| 3 | Double swing set | 17760 | 3 | 53280 | 2664 | 55944 |
| 4 | C saw<br>4 seater | 10160 | 1 | 10160 | 508 | 10668 |
| 5 | Chain link | 4447 | 3 | 13340 | 667 | 14007 |
| ആകെ | | | | | | 200000 |

വൈക്കം ഗവ: U.P സ്കൂൾ, പുതുശ്ശേരിമല ഗവ:U.P സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ പെഡഗോഗി പാർക്കുകൾ സ്ഥാപിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വൈക്കം U.P സ്കൂളിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കളിയുപകരണങ്ങൾക്കൊന്നിനും Roofing നൽകിയിട്ടില്ല എന്നു കണ്ടു.കൂടാതെ Chain link fencing ഉം നൽകിയിട്ടില്ല. ഇപ്രകാരം ടെണ്ടറിൽ ക്വോട്ട് ചെയ്തതിൽ നിന്ന് വ്യതിചലിച്ച് കളിയുപകരണങ്ങൾ സ്ഥാപിച്ച സ്ഥാപനത്തിന് പദ്ധതി തുക നൽകിയത് (A/c No.13760200000614,Federal Bank,കഞ്ഞിക്കുഴി) നിയമവിരുദ്ധമാണ്. സ്ഥാപിച്ച് രണ്ടു മാസത്തിനകം തന്നെ മെറി ഗോ റൗണ്ട് എന്ന കളിയുപകരണം തറയിൽ നിന്നു ഇളകി മാറിയിട്ടുണ്ട് . ഇതിപ്പോൾ ഉപയോഗയോഗ്യവുമല്ല.



a) ഫെൻസിംഗും റൂഫിംഗും ഇല്ലാതെ കളിയുപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്നു. b) മെറി ഗോ റൗണ്ട് എന്ന കളിയുപകരണം തറയിൽ നിന്നു ഇളകി മാറിയിരിക്കുന്നു

മേൽ വിവരിച്ച അപാകതകൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/2017 തീയതി 30.05.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പുതുശ്ശേരിമല ഗവ:U.P സ്കൂളിൽ ഫെൻസിംഗും റൂഫിംഗും സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരം വൈക്കം ഗവ:U.P സ്കൂളിലും ഇവ സ്ഥാപിക്കേണ്ടിയിരുന്നു. അപ്രകാരം ചെയ്യാത്തതിനാൽ ചെലവു തുക 2 ലക്ഷം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റൂഫിഗും ഫെൻസിഗും സ്ഥാപിക്കുകയും, ആയത് തദ്ദേശ ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ഓഡിറ്റിനു സമർപ്പിക്കേണ്ടതുമാണ്.

# 3-4 SC വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പായി നൽകിയ ₹50000 രൂപ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റു ചെയ്തിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം: | 43/2016-17, പട്ടികജാതി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം |
| അടങ്കൽ | 50000,Plan-SCP |
| ചെലവ് തുക | 50000,(ബിൽ നം:44/16-17;25.03.2017) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം എന്ന പദ്ധതിയിൽ ₹50000 വകയിരുത്തുകയും ട്രഷറിയിൽ നിന്നു പ്രസ്തുത തുക ബിൽ ബുക്കു പ്രകാരം മാറുകയും ചെയ്തിരുന്നു. റാന്നി,ഉതിമൂട്,ആഞ്ഞിലിമൂട്ടിൽ കുമാരി അഖില മോഹൻ എന്ന കുട്ടിയ്ക്കാണ് തുക അനുവദിച്ചത്. ഇതിനായി ടിയാളുടേയും അമ്മയായ ശ്രീമതി രാജ S ന്റേയും

Joint Account ന്റെ പകർപ്പും റാന്നി സബ് ട്രഷറിയിൽ നൽകിയിരുന്നു. (SBT,Pathanamthitta Main A/C No:67198942426,IFSC SBTR0000058 ,New name: SBI )

തുക അക്കൗണ്ടിൽ വന്നിട്ടില്ലായെന്ന 12.05.2017 ൽ കമാരി അഖില മോഹൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കു പരാതി നൽകിയിരുന്നു.തുടർന്ന് 16.05.2017 ൽ അസിസ്റ്റന്റ് സെക്രട്ടറി ഈ വിവരം റാന്നി,സബ് ട്രഷറി ഓഫീസറെ രേഖാമൂലം (നം.A1.2265/17) അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുക അക്കൗണ്ടിൽ വരാത്തതിന് ട്രഷറിയിൽ നിന്നുള്ള വിശദീകരണം ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/30.05.2017) അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടി പ്രകാരം കമാരി അഖില മോഹൻ അപേക്ഷയോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ട് Zero Balance ആയതിനാൽ ₹50000 രൂപ വരവു വെയ്ക്കാൻ കഴിയുന്നല്ലായെന്ന് റാന്നി സബ് ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട് എന്നതാണ്. ടി അക്കൗണ്ടിന്റെ സ്റ്റാറ്റസ് മാറ്റിയാൽ മാത്രമെ തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാൻ കഴിയൂ എന്നും ട്രഷറി ഓഫീസർ അറിയിച്ചിരുന്നു.

അക്കൗണ്ട് Zero Balance ആയി എന്ന ഒറ്റ കാരണത്താൽ സർക്കാർ ധനസഹായം യഥാസമയം ഗുണഭോക്താവിനു ലഭിക്കുന്നില്ലായെന്ന വിഷയം സർക്കാർ തലത്തിൽ പരിഹരിക്കപ്പെടേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ടി വിഷയം വകുപ്പു തലത്തിൽ പരിഗണിക്കപ്പെടേണ്ടതാണ്.

# 3-5 HADA പദ്ധതിയിൽ നിർമ്മിച്ച പച്ചക്കറി വിപണനകേന്ദ്രം ഉപയോഗിക്കുന്നില്ല.

Hill Area Development Agency (HADA) പദ്ധതി പ്രകാരം റാന്നി ബ്ളോക്ക് പഞ്ചായത്ത് റാന്നി ഗ്രാമപഞ്ചായത്തിന്റെ ഭൂമിയിൽ പച്ചക്കറി മൊത്ത വ്യാപാരത്തിനായി ഒരു കെട്ടിടം നിർമ്മിച്ചു നൽകിയിരുന്നു. പ്രസ്തുത കെട്ടിടം കാർഷിക സംഭരണ കേന്ദ്രമാക്കാൻ വിട്ടു നൽകണമെന്ന് കൃഷി ഓഫീസർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടം ഗ്രാമപഞ്ചായത്തിനു വിട്ടു നൽകിയിട്ടില്ലാത്തതിനാൽ ആയതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ 30.11.2016 ലെ 8 ാം തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.



(HADA പദ്ധതിയിൽ നിർമ്മിച്ച പച്ചക്കറി വിപണനകേന്ദ്രം)

പ്രസ്തുത കെട്ടിടം ഗ്രാമപഞ്ചായത്തിനു ഓഡിറ്റ് കാലയളവു വരേയും (05/2017) വിട്ടു കിട്ടിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടിയായി ( നം:8/2017 തീയതി 26.05.2017) വൈദ്യുത കണക്ഷൻ എടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകണമെന്ന് റാന്നി ബ്ളോക്കിൽ നിന്ന് അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. എന്നാൽ അപേക്ഷ ഗ്രാമപഞ്ചായത്ത് നൽകിയിട്ടില്ല. നടപടിക്രമങ്ങളിലെ ഉദാസീനത മൂലം വയറിംഗ് വരെ പൂർത്തിയാക്കിയ കെട്ടിടം കൃഷി ഓഫീസർക്ക് ഉപയോഗിക്കാനാകുന്നില്ല. റാന്നി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു. ടി കെട്ടിടം ഉപയോഗ യോഗ്യമാക്കി കൃഷി ഓഫീസർക്കു കൈമാറി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 പഞ്ചായത്തോഫീസിന്റെ റീവയറിംഗിനായുള്ള പദ്ധതി പൂർത്തിയായില്ല – വൈദ്യുതി ചാർജിനത്തിൽ അമിതവ്യയം തുടരുന്നു

പഞ്ചായത്തോഫീസ് കെട്ടിടത്തിന്റെ വയറിംഗ് തകരാറിലായതിനാൽ വൈദ്യുതി ചാർജിനത്തിൽ തനതുഫണ്ട് ചോരുന്നു. പ്രതിമാസം 14832 രൂപയാണ് ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുതി ചാർജിനത്തിൽ (കൺസ്യൂമർ നംപർ 5479) തനതുഫണ്ട് ചെലവഴിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ റീവയറിംഗ് നടത്തുന്നതിന് വേണ്ടി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 585000 രൂപ അടങ്കൽ വകയിരുത്തി തൻവർഷം പദ്ധതി ആവിഷ്കരിച്ചിരുന്നു (S02/17). പ്രവൃത്തിക്കായി 585000 രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയതിന്റെ

അടിസ്ഥാനത്തിൽ അത്രയും തുക തന്നെ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം-ന് ഡെപ്പോസിറ്റ് ചെയ്തിരുന്നു. (ബിൽ തീയതി 7-3-2017.) എന്നാൽ പ്രവൃത്തി ഇതേവരെ നടപ്പാക്കിയിട്ടില്ല.

ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുതി ചാർജിനത്തിൽ ഭീമമായ നഷ്ടമാണ് ഓരോ വർഷവും തനതുഫണ്ടിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് റീവയറിംഗ് പ്രവൃത്തി അടിയന്തിരമായി പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗത്തെക്കൊണ്ട് ചെയ്യിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ഇടപെടലിനായി ശുപാർശ ചെയ്യുന്നു.

# 3-7 കൃഷിക്കായുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് സബ്സിഡി ട്രാൻസ്ഫർ ചെയ്തതായി ട്രഷറിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് സബ്സിഡിത്തുക സബ്ട്രഷറി, റാന്നി - യിൽ നിന്നും അവരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്താണ് ആനുകൂല്യം നൽകിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതായി ട്രഷറിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പദ്ധതി / അടങ്കൽ | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി ആയി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക | ഇനം | ട്രഷറി ബിൽ നംപർ |
|---|---|---|---|---|---|
| 1 | തെങ്ങ് കൃഷി SO103/17 232750 | 67 | 98438 | വേപ്പിൻ പിണ്ണാക്ക്, ജൈവ വളം | 3/31-3-17 |
| 2 | കുരുമുളക് കൃഷി SO111/17 148850 | 37 | 52725 | -ടി- | 6/31-3-17 |
| 3 | വെറ്റിലക്കൃഷി SO104/17 112000 | 6 | 15648 | -ടി- | 4/31-3-17 |
| 4 | കിഴങ്ങ് കൃഷി SO106/17 172000 | 53 | 119250 | -ടി- | 6/31-3-17 |

മേൽസൂചിപ്പിച്ച പദ്ധതികളുടെ സബ്സിഡിത്തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സബ് ട്രഷറിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതും ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഭാവിയിൽ ഇപ്രകാരമുള്ള അപാകത ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-8 തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും തെരുവു വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിച്ചില്ല –

# പ്രവർത്തിക്കാത്ത ടാപ്പുകൾക്കും കുടിവെള്ളക്കരം ഒടുക്കുന്നു

തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 700000 രൂപ അടങ്കൽ വകയിരുത്തി തൻവർഷം പദ്ധതി (SO47/17) ആവിഷ്കരിച്ചിരുന്നു. കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റുകൾ പ്രകാരം റാന്നി സെക്ഷനിലേക്ക് 52 ഉം വടശ്ശേരിക്കര സെക്ഷനിലേക്ക് 6 ഉം മീറ്ററുകൾ സ്ഥാപിക്കുന്നതിന് 10600 രൂപ നിരക്കിൽ യഥാക്രമം 551200 രൂപയും 63600 രൂപയും ഡെപ്പോസിറ്റ് ചെയ്തിരുന്നു. (ഡി.ഡി. നംപർ യഥാക്രമം 518788/29-9-16, 518786/ 29-9-16.)പ്രവൃത്തികൾ 31-3-17 നകം പൂർത്തീകരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി പഞ്ചായത്ത് മേൽസൂചിപ്പിച്ച രണ്ട് സെക്ഷനുകളുമായും എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്ത് 8 മാസങ്ങൾക്ക് ശേഷവും മീറ്ററുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല.

പ്രതിമാസം 68104 രൂപയാണ് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ഒടുക്കി വരുന്നത്. എഗ്രിമെന്റിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടും ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി -ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാത്തത് ക്രമപ്രകാരമല്ല. നിയമ നടപടികളിലൂടെ തെരുവു വിളക്കുകളുടെ മീറ്റർ സ്ഥാപനം യാഥാർത്ഥ്യമാക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ പ്രതിമാസം 25375 രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം 58 പൊതു ടാപ്പുകൾ ആണുള്ളത്. എന്നാൽ ഇവയിൽ കുറെയെണ്ണം പ്രവർത്തന രഹിതമാണ് എന്ന് പഞ്ചായത്തധികൃതർ തന്നെ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പ്രവർത്തിക്കുന്ന പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് ഒരു സംയുക്ത പരിശോധന നടത്തിയതായും ഓഡിറ്റിനെ അറിയിച്ചു. എന്നാൽ പരിശോധനാ റിപ്പോർട്ട് ഇതേവരെ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കുകയോ അതനുസരിച്ച് വാട്ടർ ചാർജിൽ കുറവ് വരുത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി വാട്ടർ അതോറിറ്റിയിൽ നിന്ന് വാങ്ങേണ്ടതും അതനുസരിച്ച് വാട്ടർ ചാർജ് പുനർ നിർണ്ണയിക്കേണ്ടതുമാണ്.

# 3-9 ടെണ്ടറുകൾ അംഗീകരിച്ച ശേഷം നിയമപരമായ സമയത്തിനുള്ളിൽ കരാർ വച്ചിട്ടില്ല.

` 2016-17 ൽ ടെണ്ടറുകൾ ഗ്രാമപഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചതിനു ശേഷം നിയമപരമായ സമയത്തിനുള്ളിൽ കരാർ വയ്ക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാറുടമ്പടി തയ്യാറാക്കേണ്ടതാണ്. ഇല്ലെങ്കിൽ 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം അടങ്കൽ തുകയുടെ 1% പിഴ (കുറഞ്ഞത്-₹1000, മാക്സിമം-₹25000) ഈടാക്കി കരാർ ചമയ്ക്കേണ്ടതുമാണ്. ഈ സമയത്തിനുള്ളിലും കരാറുടമ്പടി വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കുകയും EMD തുക കണ്ടു കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ Rate ലും നിബന്ധനയിലും കരാർ ഏറ്റെടുക്കാമോയെന്ന് Negotiate ചെയ്യണം.ഇതു സാധ്യമല്ലെങ്കിൽ Re-tender ചെയ്യണം.

എന്നാൽ നിയമപരമായ സമയ പരിധി കഴിഞ്ഞിട്ടും PWD മാന്വലിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ആദ്യ കരാറുകാരനുമായി കരാർ ചമച്ചതായി പല പദ്ധതികളിലും കാണുന്നു. Selection Notice അയച്ചതു സംബന്ധിച്ച കത്ത് പല ഫയലുകളിലും ലഭ്യമല്ല.ടെണ്ടർ സ്വീകരിച്ചതായുള്ള രേഖാമൂലമുള്ള അറിയിപ്പ് രജിസ്റ്റേർഡ് പോസ്റ്റ്/കുറിയർ/e-mail/ടെലഗ്രാം/SMS എന്നിങ്ങനെ പല മാർഗത്തിലും കരാറുകാരനെ അറിയിക്കാം. എന്നാലിവിടെ ചില ഫയലുകളിൽ മാത്രം കത്തു കാണുന്നുള്ളു.മറ്റു മാർഗങ്ങൾ സ്വീകരിച്ചിട്ടുമില്ല. അതിനാൽ ടെണ്ടർ സ്വീകരിച്ചതിനു ശേഷം 7 ദിവസത്തിനകം Selection Notice അയച്ചതായി കണക്കാക്കുന്നു.. ഇപ്രകാരം കണക്കാക്കിയതു പ്രകാരം ഏതാനും പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിനു മുമ്പ് ഫൈൻ ഈടാക്കിയിട്ടില്ല എന്നു ബോദ്ധ്യപ്പെട്ടു. ഫൈൻ ഈടാക്കേണ്ടതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/പേര്/ അടങ്കൽ തുക/ കരാറുകാരന്റെ പേര് | ഗ്രാമപഞ്ചായത്തു കമ്മിറ്റി ടെണ്ടർ അംഗീകരിച്ച തീയതി | Selection Notice അയച്ച തീയതി/ | കരാർ ചമച്ച തീയതി | ഈടാക്കേണ്ട ഫൈൻ 1% of PAC |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | അയയ്ക്കേണ്ട തീയതി | | |
| 1 | 62/17,ആലഞ്ചേരിപ്പടി-പൊട്ടങ്കുളത്തുങ്കൽപ്പടി റോഡ് കോൺക്രീറ്റ്,<br>299647<br>സൈജു.V.S നായർ | 23.12.2016 | 24.12.2016 | 27.02.2017 | 2996 |
| 2 | 74/17,പള്ളിക്കാല-ശവക്കോട്ട റോഡ് കോൺക്രീറ്റ്,<br>99901<br>സൈജു.V.S നായർ | 23.12.2016 | 24.12.2016 | 27.02.2017 | 1000 |
| 3 | 95/17,കോഴിക്കോട്ടിൽ ലക്ഷം വീട് റോഡ് കോൺക്രീറ്റ്,<br>150000<br>സൈജു.V.S നായർ | 23.12.2016 | 24.12.2016 | 27.02.2017 | 1500 |
| 4 | 101/17,തോപ്പിൽ മുരുപ്പേൽ റോഡ്<br>കോൺക്രീറ്റ്,<br>PAC-166597<br>സൈജു.V.S നായർ | 23.12.2016 | 24.12.2016 | 27.02.2017 | 1666 |
| 5 | 83/17, വെൺപുതാനത്തുപടി-കുഴിക്കാലപ്പടി റോഡ് പാർശ്വഭിത്തി.<br>83669<br>P.A സാബു, | 10.02.2017 | അയയ്ക്കേണ്ട തീയതി:<br>17.02.2017 | 20.03.2017 | 1000 |
| 6 | 85/17,അങ്കണവാടി നം-6 റൂഫ് ഷെഡ്<br>226114<br>കുര്യൻ K വർഗീസ് | 10.02.2017 | അയയ്ക്കേണ്ട തീയതി:<br>17.02.2017 | 28.03.2017 | 2261 |
| 7 | 98/17,റാന്നി ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിനോടനുബന്ധിച്ച് സ്ത്രീ സൗഹൃദ ടോയ് ലെറ്റും ബേബി ഫീഡിംഗ് റൂം<br>PAC-408193<br>T.R സുനിൽ കുമാർ | 17.02.2017 | അയയ്ക്കേണ്ട തീയതി:<br>24.02.2017 | 23.03.2017 | 4081 |

| | | | | | |
|---|---|---|---|---|---|
| 8 | 96/17,കൊല്ലംപടി-പുതുശ്ശേരി റോഡ് കോൺക്രീറ്റ്,<br><br>PAC-199771<br><br>സൈജു.V.S നായർ | 23.12.2016 | 24.12.2016 | 27.02.2017 | 1998 |
| 9 | 94/16-17,തോണിയോലിക്കൽപ്പടി-തുണ്ടിയിൽപ്പടി റോഡിൽ ഹാൻഡ് റെയിൽ സ്ഥാപിക്കൽ.<br><br>PAC-49395<br><br>സൈജു.V.S നായർ | 10.02.2017 | 17.02.2017 | 23.03.2017 | 1000 |
| | ആകെ | | | | 17502 |

17502 രൂപ മേൽ കരാറുകാരിൽ നിന്ന് ഈടാക്കി തനതുഫണ്ടിൽ അടവാക്കേണ്ടതാണ്. 17502 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-10 എല്ലാ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കും ഒരേ ഗുണനിലവാരം ഉറപ്പാക്കാനാവുന്നില്ല.

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റിനോട് അനുബന്ധിച്ച് റാന്നി ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ലാ ഓഡിറ്റ് ഓഫീസ്, റാന്നി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, ഓഡിറ്റേഴ്സ് എന്നിവരുൾപ്പെട്ട ഒരു ടീം 31-05-2017 ൽ സംയുക്ത പരിശോധന നടത്തുകയുണ്ടായി. ടീം താഴെ പറയുന്ന പ്രവൃത്തികൾ പരിശോധിച്ചു.

1.ബ്ളോക്ക് പടി-പാറാനിക്കൽപടി റോഡ് കോൺക്രീറ്റിംഗ്.

2.വാളിപ്ളാക്കൽ-ഉപ്പുകളത്തിൽപടി റോഡ് കോൺക്രീറ്റിംഗ്.

3.വാളിപ്ളാക്കൽ- കുളത്താനി റോഡ് കോൺക്രീറ്റിംഗ്.

4.കൊല്ലംപടി-പുതുശ്ശേരിപ്പടി റോഡ് കോൺക്രീറ്റിംഗ്.

5.ആലഞ്ചേരി-പൊട്ടൻ കുളത്തുങ്കൽ റോഡ് കോൺക്രീറ്റിംഗ്.

മേൽ പ്രവൃത്തികളിൽ ആദ്യത്തെ മൂന്നു പ്രവൃത്തികൾ ഗുണനിലവാരം പാലിച്ചിട്ടുണ്ട്. എന്നാൽ കൊല്ലംപടി-പുതുശ്ശേരിപ്പടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി യാതൊരു ഗുണനിലവാരവും പുലർത്താതെയാണ് പൂർത്തീകരിച്ചിട്ടുള്ളത്. കരാറുകാരനായ ശ്രീ.സൈജു.V.S നായർ പൂർത്തീകരിച്ച കൊല്ലംപടി-പുതുശ്ശേരിപ്പടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി ഗുണനിലവാരപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ശ്രീ.സൈജു.V.S നായർ നടത്തിയ ആലഞ്ചേരി-പൊട്ടൻ കുളത്തുങ്കൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി മൂന്നു റീച്ചുള്ളതിൽ രണ്ടു റീച്ചുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകിയിട്ടില്ല. സംയുക്ത പരിശോധനയിൽ യാതൊരു ഗുണനിലവാരവും ഈ പ്രവൃത്തിയിൽ പാലിച്ചിട്ടില്ലായെന്ന് ഓഡിറ്റ് ടീമിനു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പാറപ്പൊടി ഉപയോഗിച്ചിട്ടുള്ളതിനാൽ പല ഭാഗത്തും പൊട്ടലുണ്ടായിട്ടുണ്ട്. 17.5 cm കനം ഉണ്ടാകേണ്ടതിനു പകരം പരമാവധി 10 cm കനം മാത്രമാണ് പല ഭാഗത്തും ചെയ്തിട്ടുള്ളതെന്ന് പ്രത്യക്ഷത്തിൽ കാണുന്നു. മേൽ പ്രവൃത്തികളുടെ നിർമ്മാണത്തിൽ ധാരാളം അപാകതകൾ പ്രഥമ ദൃഷ്ട്യാ ഓഡിറ്റ് ടീമിനു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ആലഞ്ചേരി-പൊട്ടൻ കുളത്തുങ്കൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയെ സംബന്ധിച്ച പരാതികൾ ദൂരീകരിച്ച ശേഷം മാത്രമെ ഫൈനൽ ബിൽ തുക നൽകുകയുള്ളൂ എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ

അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ നിർമ്മാണത്തിലെ അപാകതകളിന്മേൽ ഉന്നത തലത്തിലുള്ള സാങ്കേതിക അന്വേഷണം ഉണ്ടാകണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

പഞ്ചായത്തിലെ കരാറുകാരനായ ശ്രീ.സൈജു.V.S നായർ തൻവർഷം ഏറ്റെടുത്തിട്ടുള്ള 5 റോഡ് പ്രവൃത്തികളിൽ ഒരെണ്ണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. മറ്റൊരു പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിച്ചിരിക്കുന്നു. ഭാഗികമായി പൂർത്തീകരിച്ച പ്രവൃത്തിയിലെ അവശേഷിച്ച ഭാഗത്തും പ്രവൃത്തി പൂർത്തീകരിക്കാത്ത മറ്റു റോഡുകളിലും ഇറക്കിയ മെറ്റൽ വാഹനം കയറിയിറങ്ങിയും മറ്റു വിധേനയും റോഡിൽ നിരന്നിട്ട് കാൽ നടയാത്ര പോലും ദുഷ്കരമായിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് വ്യാപകമായ പരാതിയ്ക്കും ഇത് ഇടയാക്കിയിട്ടുണ്ട്. ഇപ്രകാരം പ്രവൃത്തി ഏറ്റെടുത്ത് കരാർ വച്ചിട്ട് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതെ ഗ്രാമപഞ്ചായത്തിനും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുകയും കരാർ ലംഘനം നടത്തുകയും ചെയ്ത കരാറുകാരനെതിരെ PWD മാന്വലിൽ നിഷ്കർച്ചിട്ടുള്ളതു പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 കരാറുകാർ നികുതി കോമ്പൗണ്ട് ചെയ്തതിന്റെ Form IE സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ഫൈനൽ ബിൽ തുക നൽകി.

ഗ്രാമപഞ്ചായത്തിൽ 2016-17 ലെ പ്രവർത്തികളുടെ ഫൈനൽ ബിൽ നൽകിയതിൽ VAT രജിസ്ട്രേഷനോ 4% കോമ്പൗണ്ട് നിരക്കിൽ നികുതി ഈടാക്കിയാൽ മതിയാകുമെന്ന് കൊമേഴ്സ്യൽ ടാക്സ് ഓഫീസറുടെ (Form IE യിൽ നിർദ്ദേശിക്കുന്ന) സാക്ഷ്യപത്രമോ ഇല്ലാത്ത കരാറുകാരിൽ നിന്ന് 4 % മാത്രമേ വിൽപ്പന നികുതി ഈടാക്കിയിട്ടുള്ളൂ. സാധാരണ റോഡ് പ്രവൃത്തികൾക്കും പ്രത്യേകം നിഷ്കർച്ചിട്ടില്ലാത്ത പ്രവൃത്തികൾക്കും 25% വേതന ഘടകം കുറവു ചെയ്തിട്ട് അവശേഷിച്ച പ്രവൃത്തിമൂല്യത്തിന്റെ 14.5% നികുതിയായി ഈടാക്കേണ്ടതാണ്.എന്നാൽ ഏതാനും കരാറുകാരുടെ സംഗതിയിൽ രജിസ്ട്രേഷൻ സംബന്ധമായ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.VAT രജിസ്ട്രേഷൻ ഹാജരാക്കാത്തതിനാൽ സംസ്ഥാന സർക്കാറിനു നഷ്ടം സംഭവിച്ചിട്ടുണ്ട്. താഴെ പറയുന്ന കരാറുകാരുടെ 2016-17സാമ്പത്തിക വർഷത്തെ Form IE Certificate ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം: 3/2017 തീയതി 26.05.2017) നൽകിയിരുന്നു. എന്നാൽ ആയത് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ശ്രീ.സൈജു V.S നായർ |
| 2 | ശ്രീ. കുര്യൻ കെ വർഗീസ് |

ഈ കരാറുകാർ ചെയ്ത നിർമ്മാണ പ്രവൃത്തികളിൽ നിന്ന് 2016-17 സാമ്പത്തിക വർഷം 4% നികുതി മാത്രമെ ഈടാക്കിയിട്ടുള്ളൂ. എന്നാൽ VAT രജിസ്ട്രേഷൻ ഇല്ലായെങ്കിൽ കേരള മൂല്യവർദ്ധിത നികുതി നിയമം 15 ാം വകുപ്പു പ്രകാരം എല്ലാത്തരം കരാറുകാരും VAT രജിസ്ട്രേഷൻ നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. നികുതി കോമ്പൗണ്ട് ചെയ്ത കരാറുകാർക്കു മാത്രമാണ് കോമ്പൗണ്ടിംഗ് നിരക്കിലുള്ള നികുതി ബാധകമായിട്ടുള്ളത്. കോമ്പൗണ്ടിംഗ് നടത്തിയതിന്റെയും അർഹമായ നികുതി ഈടാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കുന്ന കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റും IEE യിലുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റും കരാറുകാരനിൽ നിന്നും വാങ്ങേണ്ടതാണ്. കോമ്പൗണ്ട് ചെയ്യാത്ത കരാറുകാരനിൽ നിന്നും തൊഴിൽ ഘടകം കുറച്ചുള്ള പ്രവൃത്തിമൂല്യ തുകയുടെ 14.5% VAT ഈടാക്കേണ്ടതുണ്ട്. ഈടാക്കിയ നികുതി, ഈടാക്കേണ്ട നികുതി, കുറവ് ഈടാക്കിയത് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര്/ പ്രവർത്തിമൂല്യം/ ബിൽ നം/തീയതി | കരാറുകാരന്റെ പേര്, എം.ബുക്ക് നമ്പർ | ഈടാക്കിയ നികുതി (VAT 4%) | ഈടാക്കേണ്ട നികുതി (പ്രവൃത്തിമൂല്യത്തിൽ നിന്ന് 25% കുറവു ചെയ്ത് അവശേഷിച്ച തുകയുടെ 14.5%) | വ്യത്യാസം |
|---|---|---|---|---|---|
| 1 | 96/16-17, കൊല്ലംപടി- | ശ്രീ.സൈജു | 7991 | 21725 | 13734 |

| | | | | | |
|---|---|---|---|---|---|
| | പുതുശ്ശേരിപ്പടി റോഡ് കോൺക്രീറ്റ്<br>199771<br>27/16-17;31.03.2017 | V.S നായർ,<br>34/16-17 | | | |
| 2 | 94/16-17,തോണിയോലിക്കൽപ്പടി-തുണ്ടിയിൽപ്പടി റോഡിൽ ഹാൻഡ് റെയിൽ സ്ഥാപിക്കൽ.<br>49004<br>26/16-17;31.03.2017 | ശ്രീ.സൈജു V.S നായർ,<br>42/16-17 | 1960 | 5329 | 3369 |
| 3 | 61/16-17,<br>പൊയ്കമൺ-നാരകത്തോലി റോഡ് കോൺക്രീറ്റ്<br>299647<br>9/16-17;04.03.2017 | ശ്രീ. കുര്യൻ കെ വർഗീസ്<br>16/16-17 | 11985 | 32587 | 20602 |
| | ആകെ | | | | 37705 |

മേൽ പറഞ്ഞ പ്രവൃത്തികളിൽ നികുതി കോമ്പൗണ്ട് ചെയ്യാത്ത പക്ഷം സംസ്ഥാന സർക്കാരിനു നികുതി ഇനത്തിൽ ₹37705 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. തുക മേൽ കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

# 3-12 നിർമ്മാണ പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിച്ചു.

2016-17 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി തുക അടങ്കൽ വച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയ7 സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയില്ല. ഈ പദ്ധതികളുടെ നിലവിലെ അവസ്ഥ താഴെ പറയുന്ന പ്രകാരമാണ്.

| ക്രമ നം | പ്രൊജക്ട് നം/ പേര്/ അടങ്കൽ തുക | കരാറുകാരന്റെ/ഗുണഭോക്തൃ സമിതി കൺവീനറുടെ പേരും വിലാസവും | മൊബിലൈസേഷൻ അഡ്വാൻസ്/ പാർട് ബിൽ നൽകിയതിന്റെ വിവരം | പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം |
|---|---|---|---|---|
| 1 | 4/16-17, പതിനേഴാം നമ്പർ അങ്കണവാടി മെയിന്റനൻസ്,<br>MG(N-R)-119850 | രഞ്ജിത്ത് J,തോമ്പിൽ വീട്, പുതുശ്ശേരിമല P.O,റാന്നി. | പാർട് ബിൽ നൽകിയിട്ടുണ്ട്. | ചുറ്റുമതിൽ നിർമ്മാണം ഗുണഭോക്തൃ സമിതി നടത്തിയിട്ടില്ല. |
| 2 | 6/16-17, മലമണ്ണേൽ പുളിക്കപ്പടി നടവഴി സ്റ്റെപ്പ് കെട്ട്. | M.Kരാജൻ,<br>മലമണ്ണേൽ വീട്, റാന്നി | തുക നൽകിയിട്ടില്ല. | ഗുണഭോക്തൃ സമിതിയുമായി എഗ്രിമെന്റ് വച്ചുവെങ്കിലും നിർമ്മാണം നടത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | Plan-Scp-50000 | | | |
| 3 | 7/16-17, മൂന്ന് സെന്റ് കോളനി സ്റ്റെപ്പ് കെട്ട് Plan-Scp-50000 | അനീഷ് കുമാർ G,അനീഷ് ഭവൻ,റാന്നി | തുക നൽകിയിട്ടില്ല. | കുറച്ചു സ്റ്റെപ്പുകൾ മാത്രം ഗുണഭോക്തൃ സമിതി പൂർത്തീകരിച്ചു. |
| 4 | 9/16-17,പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം. WB-350000 | സൈജു V.S നായർ, വലിയകാലായിൽ, പുതുശ്ശേരിമല P.O, റാന്നി. | തുക നൽകിയിട്ടില്ല. | 05.08.2016ലാണ് കരാറുകാരനുമായി എഗ്രിമെന്റ് വച്ചത്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 5 | 10/16-17, ആയുർവേദ ആശുപത്രി വെയിറ്റിംഗ് ഷെഡ്. MG(NR)-150000 | അൻസാരി,കല്ലുപാലത്തിങ്കൽ, മന്ദിരം P.O, റാന്നി. | തുക നൽകിയിട്ടില്ല. | നിർമ്മാണം നടത്തിയിട്ടില്ല. |
| 6 | 11/16-17,പുതുശ്ശേരിമല ഗവ: U.P സ്കൂൾ മെയിന്റനൻസ്. MG(NR)-498000 | K.V എബ്രഹാം, കൊട്ടക്കാട്ടു വീട്, നാറാണംമൂഴി P.O | തുക നൽകിയിട്ടില്ല | കിണർ പുനരുദ്ധാരണമൊഴിച്ചുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | 12/16-17, ആറാം നമ്പർ അങ്കണവാടിയ്ക്ക് ചുറ്റുമതിലും കെട്ടിട നവീകരണവും. MG(NR)-122004. | ബാലൻ,കണ്ണൻകുഴയത്ത്,റാന്നി P.O | പാർട് ബിൽ നൽകിയിട്ടുണ്ട്. | സ്റ്റെയർ കേസിന്റെ Hand rail ചെയ്തിട്ടില്ല. |

ഏഴു സ്പിൽ ഓവർ പദ്ധതികൾക്കായി 13.39 ലക്ഷം രൂപയാണ് 2016-17 ൽ വകയിരുത്തി ചെലവഴിക്കാതിരുന്നത്. ഗുണഭോക്തൃ സമിതി ഏറ്റെടുത്തിട്ടു പാതി നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകേണ്ടതാണ്. അല്ലാത്ത പക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. PWD മാന്വലിൽ പ്രതിപാദിക്കുന്ന തരത്തിൽ കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കുവാനും മറ്റു നടപടികൾ സ്വീകരിക്കുവാനും ശുപാർശ ചെയ്യുന്നു.

പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം എന്ന പ്രവൃത്തിയ്ക്കായി 05.08.2016ലാണ് കരാറുകാരനുമായി എഗ്രിമെന്റ് വച്ചത്. എന്നാൽ നിർമ്മാണം നടത്തിയിട്ടില്ല.എഗ്രിമെന്റ് പ്രകാരം നിർമ്മാണ കാലാവധി 6 മാസമായിരുന്നു.ഇതു പ്രകാരം 05.02.2017 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെതിരെ നിയമനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനു നൽകേണ്ടതാണ്.

# 3-13 ടെണ്ടറുകൾ അംഗീകരിച്ച ശേഷം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസമെടുക്കുന്നു.

2016-17 ൽ ടെണ്ടറുകൾ ഗ്രാമപഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചതിനു ശേഷം നടപ്പാകാത്ത 6 പദ്ധതികൾ ഉണ്ട്. ഈ പദ്ധതികളുടെ നിലവിലെ അവസ്ഥ താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം/പേര്/ അടങ്കൽ തുക | ഗ്രാമപഞ്ചായത്തു കമ്മിറ്റി ടെണ്ടർ അംഗീകരിച്ചതിന്റെ വിവരം | കരാറുകാരന്റെ പേര്/ എഗ്രിമെന്റ് തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | 62/17, ആലഞ്ചേരിപ്പടി-പൊട്ടങ്കുളത്തുങ്കൽപ്പടി റോഡ് കോൺക്രീറ്റ്, MG(R)-300000 | 23.12.2016 ലെ 1ാം തീരുമാനം. എസ്റ്റിമേറ്റ് നിരക്ക് | സൈജു.V.S നായർ. 27.02.2017 | 2/3 ഭാഗം മാത്രം പൂർത്തീകരിച്ചു. |
| 2 | 74/17, പള്ളിക്കാല-ശവക്കോട്ട റോഡ് കോൺക്രീറ്റ്, MG(R)- 100000 | 23.12.2016 ലെ 1ാം തീരുമാനം. എസ്റ്റിമേറ്റ് നിരക്ക് | സൈജു.V.S നായർ 27.02.2017 | നിർമ്മാണം തുടങ്ങിയിട്ടില്ല. |
| 3 | 95/17, കോഴിക്കോട്ടിൽ ലക്ഷം വീട് റോഡ് കോൺക്രീറ്റ്, Plan (SCP)-150000 | 23.12.2016 ലെ 1ാം തീരുമാനം. എസ്റ്റിമേറ്റ് നിരക്ക് | സൈജു.V.S നായർ 27.02.2017 | നിർമ്മാണം തുടങ്ങിയിട്ടില്ല. |
| 4 | 101/17, തോപ്പിൽ മുരുപ്പേൽ റോഡ് കോൺക്രീറ്റ്, MG(R)- 166597 | 23.12.2016 ലെ 1ാം തീരുമാനം. എസ്റ്റിമേറ്റ് നിരക്ക് | സൈജു.V.S നായർ 27.02.2017 | നിർമ്മാണം തുടങ്ങിയിട്ടില്ല. |
| 5 | 97/17, റാന്നി സൗത്ത് ആയുർവേദ ആശുപത്രിയിൽ സ്ത്രീ സൗഹൃദ ടോയ് ലെറ്റ്. Plan-Gen-100000 | 10.02.2017 ലെ 2ാം തീരുമാനം. എസ്റ്റിമേറ്റ് നിരക്ക് | അനൂപ് സോമൻ, അർച്ചന സദനം, തലച്ചിറ,ഏറം P.O 17.02.2017 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 6 | 98/17, റാന്നി ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിനോടനുബന്ധിച്ച് സ്ത്രീ സൗഹൃദ ടോയ് ലെറ്റും ബേബി ഫീഡിംഗ് റൂം Plan-Gen-451100 | 17.02.2017 ലെ 1ാം തീരുമാനം. എസ്റ്റിമേറ്റ് നിരക്ക് | T.R സുനിൽ കുമാർ 23.03.2017 | നിർമ്മാണം തുടങ്ങിയിട്ടില്ല. PAC-408193 |
| 7 | 84/17, പുതുശ്ശേരിമല ഗവ UP സ്കൂൾ നവീകരണം. MG(N-R)-450000 | 17.02.2017 ലെ 1ാം തീരുമാനം. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20% കുറവ് | കുര്യൻ K വർഗീസ്, കുളക്കാട്ട് വീട്, കമ്പളാംപൊയ്ക 17.02.2017 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 8 | 89/17, കുളത്തുങ്കൽ കുളം നവീകരണം | 17.02.2017 ലെ 1ാം തീരുമാനം. | കുര്യൻ K വർഗീസ്, | നിർമ്മാണം തുടങ്ങിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | FC-106000 | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 25% കുറവ് | കുളക്കാട്ട് വീട്, കുമ്പളാംപൊയ്ക. | |

നിർമ്മാണം തുടങ്ങാത്ത കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം കണ്ടു കെട്ടി തുടർ നിയമനടപടികൾ സ്വീകരിച്ച് കരാർ റദ്ദാക്കേണ്ടതാണ്. രണ്ടാമത്തെ കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരനോട് ഇതേ റേറ്റിൽ നിർമ്മാണം നടത്താൻ ചർച്ച നടത്തുകയും അല്ലാത്ത പക്ഷം റീ-ടെണ്ടർ നടത്തേണ്ടതുമാണ്. കരാറുകാരനിൽ നിന്ന് 'ലിക്വിഡേറ്റഡ് ഡാമേജ്' ഈടാക്കേണ്ടതാണ്. നിർദ്ദിഷ്ട പുരോഗതി കൈവരിക്കാതിരിക്കുക, പൂർത്തീകരണകാലാവധി ദീർഘിപ്പിക്കുക തുടങ്ങിയ കരാർ ലംഘനങ്ങളിൽ കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ Risk & Cost ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കുന്നതിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്ത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർ നം/ തീയതി . | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 02/17 | ഗ്രാമപഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം | 585000 | 21600781/07.03.2017 | പി.ഡബ്ല്യു.ഡി, ഇലക്ട്രിക്കൽ ഡിവിഷൻ | പൂർത്തീകരണ വിവരം ഇല്ല |
| 2 | 47/17 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 614800 | 21600324/29.09.2016 | കെ.എസ്.ഇ.ബി | പൂർത്തീകരണ വിവരം ഇല്ല |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 7078500 | 1531025 | 707850 | - | 823175 |

# 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഈടാക്കിയതുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|
| 2005-07 | 37498 | ശ്രീ.അനുജൻ (റിട്ടയേർഡ് പഞ്ചായത്ത് സെക്രട്ടറി) | S48/17.03.16 |

# 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 42975927.21 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31541504 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17502 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 350000 |

**(ബി) <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 17502 | ശ്രീമതി.അനിത കുമാരി (അസിസ്റ്റന്റ് എൻജിനീയർ) |
| **ആകെ** | | **17502** | |

**(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 150000 | ശ്രീ.സജിമോൻ, ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ്, പുതുശ്ശേരിമല |
| 3-3 | 200000 | ശ്രീ.സജിമോൻ, ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ്, പുതുശ്ശേരിമല |
| **ആകെ** | **350000** | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-11

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനിത കുമാരി (അസിസ്റ്റന്റ് എൻജിനീയർ) | അസിസ്റ്റന്റ് എൻജിനീയർ, റാന്നി ഗ്രാമപഞ്ചായത്ത് | സൗപർണ്ണിക, ആനന്ദപ്പള്ളി.പി.ഒ, അടൂർ |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4/558/2003 തീയതി 15-09-2003 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി 4/559/2003 തീയതി 15-09-2003 | 6 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി 4/549/2007 തീയതി 13-11-2007 | |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി 4/182/2005 തീയതി 17-06-2005 | |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 4/299/2002 തീയതി 13-12-2002 | 37 |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/434/2005തീയതി 04-05-2006 | |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/420/2003തീയതി 05-12-2003/17-04-2004 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി.2/483/2003 തീയതി 08-01-2004/19-07-2004 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി.2/421/2003 തീയതി 05-12-2003/01-04-2004 | |

| | | |
|---|---|---|
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5/590/2001 തീയതി 19-01-2010/12-08-2010 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/251/2006 തീയതി 12-09-2006/15-03-2007 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി5/591/2009 തീയതി 19-01-2010/12-08-2010 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി8/285/2008 തീയതി 05-02-2009/14-01-2010 | 10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8/42/2010തീയതി 06-05-2011/10-06-2011 | 5 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.8/43/2010 തീയതി 06-05-2011/07-06-2011 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.8/158/2011 തീയതി 29-03-2011/11-04-2011 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി8/159/11 തീയതി 29-03-2011/11-04-2011 | 25 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.8/188/11 തീയതി 11-05-2011/09-06-2011 | |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 8/300/2011 തീയതി 11-05-2011/07-06-2011 | |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി 6/613/2013 തീയതി 11-11-2013/19-03-2014 | |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 6/614/2013 തീയതി 11-11-2013/19-03-2014 | |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/159/2015 തീയതി 13-05-2015/23-05-2015 | |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി 6/480/2015 തീയതി 25-07-2015 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ -പി 6/837/2016 തീയതി 25-07-2016 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ -പി 6/1292/2016 തീയതി 03-12-2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure – 1 CERTIFICATE

No.KSAPTA-P6/667/17 Dated 17.06.2017

Certified that I have examined the Annual Financial Statement of **Ranni Grama Panchayat** in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ranni Grama Panchayat** for the year 2016-17except the obeservations in para 1-3 of my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി6/667/17 തീയതി 17.06.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട